(ഐ) മെഡിക്കൽ കോളേജ് ഏരിയാ വികസനം പുതിയ തദ്ദേശീയ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ജെ) ദീർഘകാലമായി പരിഗണനയിലുള്ളതും വളരെയേറെ പ്രയോജനപ്രദവുമായ ഈ പദ്ധതി പൂർണ്ണതയിലെത്തിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 27-10-1976 മുതൽ.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രദേശത്തിന്റെ ആസൂത്രിതവും ശാസ്ത്രീയവുമായ വികസനം ഉദ്ദേശിച്ചാണ് മെഡിക്കൽ കോളേജ് ഏരിയ വികസന പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്.

(സി) ആരാഞ്ഞിട്ടുണ്ട്.

(ഡി) ഏകദേശം 2.5 ചതുരശ്രമൈൽ (650 ഹെക്ടർ) ഭൂമിയാണ് നിയന്ത്രണ മേഖലയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഇ) 5-31.029 ഹെക്ടർ.

(എഫ്) ഉണ്ട്.

(ജി) വിവിധ വികസന ആവശ്യങ്ങൾ പരിഗണിച്ച് പുതുക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയുടെ ആവശ്യങ്ങൾ പരിഗണിച്ച് പദ്ധതി പ്രദേശത്തു നിന്നും ഒഴിവാക്കാവുന്ന സർവ്വങ്ങളെ ഒഴിവാക്കുന്നതാണ്.

(എച്ച്) പദ്ധതി പുനരാവിഷ്ക്കരിച്ച് അംഗീകാരം നൽകിക്കഴിഞ്ഞതിനുശേഷം അത്യാവശ്യംവേണ്ട ഭൂമി ഏറ്റെടുത്ത് നഷ്ടപരിഹാരം നൽകുന്നതാണ്.

(ഐ) ഉണ്ട്.

(ജെ) നടപടി സ്വീകരിച്ചുവരുന്നു.

പാളയം ജനസേവന കേന്ദ്രത്തിൽ ജോലി ചെയ്യുന്നവർ

115 [5260] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാളയം സാഹചര്യം കോമ്പ്ലക്സിൽ പ്രവർത്തിച്ചുവരുന്ന ജനസേവന കേന്ദ്രത്തിൽ തിരുവനന്തപുരം നഗരസഭയിൽ നിന്നും എത്ര ജീവനക്കാർ ജോലി നോക്കിവരുന്നു; ഇവർ എന്നു മുതൽ ജനസേവന കേന്ദ്രത്തിൽ ജോലി ചെയ്തുവരുന്നു;

(ബി) ഏതു ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇവർ ജോലി ചെയ്തു വരുന്നത്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇങ്ങനെ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രത്യേകമായി എന്തെങ്കിലും കമ്പ്യൂട്ടർ പരിശീലനം നൽകിയിട്ടുണ്ടോ;

(ഡി) തിരുവനന്തപുരം നഗരസഭയിൽ കമ്പ്യൂട്ടർ ട്രെയിനിംഗ് ലഭിച്ച ജീവനക്കാർ ഉണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജനസേവന കേന്ദ്രത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥലം മാറ്റാൻ പാടില്ലെന്ന് ഉത്തരവ് നിലവിലുണ്ടോ;

(എഫ്) എങ്കിൽ ഇവിടെ ജോലി ചെയ്യുന്ന ആരെയെങ്കിലും സ്ഥലം മാറ്റി ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) കമ്പ്യൂട്ടർ ട്രെയിനിംഗ് നൽകിയ എല്ലാ ജീവനക്കാർക്കും ജനസേവന കേന്ദ്രത്തിൽ ജോലി ചെയ്യാനുള്ള അവസരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജനസേവന കേന്ദ്രത്തിൽ തിരുവനന്തപുരം നഗരസഭയിൽ നിന്നും 5 (അഞ്ച്) പേർ ജോലി ചെയ്തുവരുന്നു. ഇവർ 2000 ജൂൺ 29 മുതൽ ജോലി ചെയ്യുന്നു.

(ബി) ജി. ഒ. (ആർ‌ടി.) നം. 214/2000/ഐ.ടി.ഡി. തീയതി 19-12-2000 ഉത്തരവിന്റെ അടിസ്ഥാനത്തിൽ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.†

(സി) ഉണ്ട്.

(ഡി) ഉണ്ട്. ബഹുഭൂരിപക്ഷം ജീവനക്കാർക്കും കമ്പ്യൂട്ടർ ട്രെയിനിംഗ് വഭിച്ചിട്ടുണ്ട്.

(ഇ) പ്രത്യേകം ഉത്തരവില്ല. എന്നാൽ ടി ജീവനക്കാരെ തുടരാൻ അനുവദിച്ചുകൊണ്ട് വർഷാവർഷം ഉത്തരവ് നൽകുന്നുണ്ട്.

(എഫ്) യു.ഡി. ക്ലാർക്ക് ശ്രീമതി എസ്. വിക്ഷ്മിയെ സ്ഥലം മാറ്റി ഉത്തരവ് നൽകിയെങ്കിലും പിന്നീട് ടിയാളുടെ സ്ഥലം മാറ്റ ഉത്തരവ് നഗരകാര്യ ഡയറക്ടർ റദ്ദു ചെയ്ത് ജനസേവന കേന്ദ്രത്തിൽ തന്നെ തുടരുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ജി) അവസരം നൽകിയിട്ടില്ല. നഗര സഭയിലെ കമ്പ്യൂട്ടർ പരിശീലനം വഭിച്ച എല്ലാ ജീവനക്കാർക്കും ജനസേവന കേന്ദ്രത്തിൽ ജോലി ചെയ്യാൻ അവസരം നൽകുക എന്നത് പ്രായോഗികമല്ല.

പ്രാദേശിക വികസന അതോറിറ്റിയുടെ വിശദാംശം

116 [5261] ശ്രീ. കെ. വി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാദേശിക വികസന അതോറിറ്റി നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന പ്രാദേശിക വികസന അതോറിറ്റിയിൽ എത്ര അംഗങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അംഗങ്ങളുടെ പേര് വിശദീകരിച്ച് രേഖാമൂലം വഭ്യമാക്കാമോ;

(ഡി) അംഗങ്ങളിൽ സർക്കാർ നേമിനേറ്റ് ചെയ്ത എത്ര അംഗങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly